# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1083** **10.08.2017- ൽ മറുപടിക്ക്**

**അശാസ്ത്രീയമായ ഡിവൈഡർ നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ ചെർക്കള ജംഗ്ഷനിൽ അശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച ഡിവൈഡർ, അപകടം വരുത്തുകയും ഡ്രൈവർമാർക്ക് ആശയകുഴപ്പം ഉണ്ടാക്കുകയും ചെയ്യുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കാസർഗോഡ് ജില്ലയിൽ ചെർക്കള ജംഗ്ഷനിൽ നിർമ്മിച്ച ട്രാഫിക് ഐലന്റ്, റൗണ്ട് എബൗട്ട് ഡിവൈഡർ തുടങ്ങിയവയുടെ രൂപകല്പനയനുസരിച്ച് നിർമ്മാണം പൂർണ്ണമാകാത്തതും, ഡ്രൈവർമാർ ഇത്തരം ജംഗ്ഷനിൽ പാലിക്കേണ്ട ട്രാഫിക് നിയമങ്ങൾ പാലിക്കാതെ യാത്ര ചെയ്യുന്നതും കൊണ്ടുള്ള ആശയക്കുഴപ്പം കാരണം അപകടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ ഡിവൈഡർ പൊളിച്ച് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) യും (സി) യും | ചെർക്കള പോലെയുള്ള ജംഗ്ഷനുകളിൽ സുരക്ഷിതവും സുഗമവുമായ യാത്രയ്ക്ക് ഇരട്ട റൗണ്ട് എബൗട്ടോടുകൂടിയ രൂപകല്പനയാണ് അഭികാമ്യം. എന്നാൽ ഈ ജംഗ്ഷനിൽ നിൽക്കുന്ന മരത്തിന്റെ സംരക്ഷണം ഏറ്റെടുത്ത് അലൈൻമെന്റിൽ മാറ്റം വരുത്തിയതിനാൽ രൂപകല്പനയനുസരിച്ചുള്ള റൗണ്ട് എബൗട്ട് നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല. ജംഗ്ഷനിലെ കച്ചവട സ്ഥാപനങ്ങളിൽ എത്തുന്ന ജനങ്ങളും വാഹനങ്ങളുടെ പാർക്കിംഗും കാരണം ജംഗ്ഷനിൽ വളരെയധികം തിരക്കുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, കച്ചവടസ്ഥാപനങ്ങളിൽ വരുന്ന ജനങ്ങളുടെയും കച്ചവടക്കാരുടെയും ആവശ്യങ്ങൾ കൂടി പരിഗണിച്ച് നിയന്ത്രിതമായ പാർക്കിംഗിനുള്ള സൗകര്യമൊരുക്കിക്കൊണ്ടുള്ള ഒരു രൂപകല്പന പി.ഡബ്ല്യു.ഡി-യുടെ ഡിസൈൻ വിംഗ് തയ്യാറാക്കിവരികയാണ്. ഡിവൈഡർ പൊളിക്കാൻ വകുപ്പ് മന്ത്രി ഉത്തരവിട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ